4034
2/5/14

# കേരള സർക്കാർ

## സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വൈകല്യമുള്ള കുട്ടികളെ പഠിപ്പിക്കുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി എയ്ഡഡ് പദവി നൽകുന്നതിനും എയ്ഡഡ് പദവി കിട്ടാത്ത അംഗീകൃത സ്പെഷ്യൽ സ്കൂളിലെ അദ്ധ്യാപക-അനദ്ധ്യാപകർക്ക് മാസത്തിൽ 1600/- രൂപ വീതം ഓണറേറിയം നൽകുന്നതിനും തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ആർ) വകുപ്പ്

സ.ഉ (പി)നംപർ.69/2014/പൊ.വി.വ തിരുവനന്തപുരം, തീയതി: 28.04.2014.

---

പരാമർശം : 1. ആൾകേരളാ സ്പെഷ്യൽ സ്കൂൾ അസോസിയേഷൻ ചെയർമാൻ 13.02.2014-ൽ ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിച്ച നിവേദനം.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 17.02.2014-ലെ എം.1/15553/2014/ഡിപിഐ. നമ്പർ കത്ത്.

## ഉത്തരവ്

സംസ്ഥാന സർക്കാരിന്റെ 2014-15 സാമ്പത്തിക വർഷത്തേയ്ക്കുള്ള നിയമസഭാ ബഡ്ജറ്റ് സമ്മേളനത്തിലെ മറുപടി പ്രസംഗത്തിൽ മാനസിക വൈകല്യമുള്ള വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന സ്പെഷ്യൽ സ്കൂളുകളിൽ 100 വിദ്യാർത്ഥികളിൽ കൂടുതൽ ഉണ്ടെങ്കിൽ അവയെ എയ്ഡഡ് സ്കൂളായി പരിഗണിക്കുന്നതാണെന്ന് ബഹു.ധനകാര്യ വകുപ്പ് മന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. ഇപ്രകാരം സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി, അർഹതയുള്ള സ്കൂളുകളെ എയ്ഡഡ് പദവിയിലേക്ക് ഉയർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (1) പ്രകാരം ആൾകേരളാ സ്പെഷ്യൽ സ്കൂൾ അസോസിയേഷൻ ചെയർമാൻ ബഹു.മുഖ്യമന്ത്രിക്ക് നിവേദനം സമർപ്പിക്കുകയുണ്ടായി.

**2)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വൈകല്യമുള്ള കുട്ടികളെ പഠിപ്പിക്കുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി എയ്ഡഡ് പദവി നൽകുന്നതിന് തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(1) UID പ്രകാരമുള്ള കുട്ടികളുടെ എണ്ണം, അദ്ധ്യാപക വിദ്യാർത്ഥി അനുപാതം,അദ്ധ്യാപകരുടെയും ജീവനക്കാരുടെയും വിദ്യാഭ്യാസ യോഗ്യത, സ്കൂളുകൾ തമ്മിലുള്ള ദൈർഘ്യം, കുട്ടികളുടെ അഡ്മിഷൻ സംബന്ധിച്ച വ്യവസ്ഥകൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് സർക്കാർ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്ന തീയതി മുതൽക്കേ സ്ക്കൂളുകൾക്ക് എയ്ഡഡ് പദവി ലഭിക്കുകയുള്ളൂ.

(2) അതിനുമുൻപ് തത്വത്തിൽ അംഗീകാരം നൽകുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്കൂൾ മാനേജർമാർ നിയമനം നടത്തുവാൻ പാടുള്ളതല്ല. ഇപ്രകാരമുള്ള നിയമനങ്ങൾക്ക് യാതൊരു നിയമ സാധുതയോ അംഗീകാരമോ ലഭിക്കുന്നതല്ല.

(3) എയ്ഡഡ് പദവി ലഭിക്കുവാൻ അർഹതയുള്ള സ്കൂളുകളുടെ പട്ടിക, അദ്ധ്യാപകരുടെയും ജീവനക്കാരുടെയും വിദ്യാഭ്യാസ യോഗ്യത, അദ്ധ്യാപക വിദ്യാർത്ഥി അനുപാതം എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ തസ്തികകൾ സൃഷ്ടിച്ചതിനുശേഷം മാത്രമേ നിയമനങ്ങൾ നടത്താൻ പാടുള്ളൂ. അപ്രകാരമുള്ള നിയമനങ്ങൾക്കു മാത്രമെ അംഗീകാരം ലഭിക്കുകയുള്ളു. അതുവരെ നിലവിലെ സ്ഥിതി തുടരുന്നതായിരിക്കും.

(4) മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന സ്കൂളുകളിലെ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും വിദ്യാഭ്യാസ യോഗ്യത, അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം, സ്കൂളുകൾ തമ്മിലുള്ള ദൈർഘ്യം, കുട്ടികളുടെ അഡ്മിഷൻ സംബന്ധിച്ച വ്യവസ്ഥകൾ എന്നിവ ഉൾപ്പെടുത്തിയ വിശദമായ പ്രൊപ്പോസൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ അടിയന്തിരമായി സമർപ്പിക്കേണ്ടതാണ്.

(5) UID അടിസ്ഥാനമാക്കി 100 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾ എയ്ഡഡ് പദവിയിലേയ്ക്കുയർത്തുന്നതിനായി പ്രത്യേക സമിതി സ്കൂൾ പരിശോധിച്ച് കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കുന്ന എയ്ഡഡ് പദവിയ്ക്കർഹതയുള്ള സ്കൂളുകളുടെ ലിസ്റ്റ് അടങ്ങിയ ഉത്തരവ് പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

3) എയ്ഡഡ് പദവി ലഭിക്കാൻ അർഹതയില്ലാത്ത അംഗീകൃത സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപകർക്ക് മാസത്തിൽ 1600/- രൂപാ (ആയിരത്തി അറുനൂറ് രൂപാമാത്രം) വീതം ഓണറേറിയം നൽകുന്നതിനും തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം
**എ.ഷാജഹാൻ**
ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഹയർസെക്കണ്ടറി ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്, കേരള, തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർ, സർവ്വശിക്ഷാ അഭിയാൻ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് ( നം.18472/എഡ്യൂ.എ1/14/ധന തീയതി 07.03.2014 കുറിപ്പ് പ്രകാരം )
വെബ് ആന്റ് ന്യൂ മീഡിയ, ഗവ.സെക്രട്ടേറിയറ്റ് ( സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ